# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 706** **02.12.2015 ലെ മറുപടിക്ക്**

## പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. മാണി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് എന്നും അവയിൽ എത്രയെണ്ണം പ്രവർത്തനം തുടങ്ങിയെന്നും അറിയിക്കുമോ;<br><br>(ബി) പ്രവർത്തനം ആരംഭിക്കാത്തവയുടെ നിലവിലെ അവസ്ഥ എന്താണെന്നും അവയുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ; | (എ) & (ബി): ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും, തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. അടുത്ത അധ്യയന വർഷം തന്നെ ഈ രണ്ടു കോളേജുകളിലും എം.ബി.ബി.എസ്. കോഴ്സിലേയ്ക്ക് പ്രവേശനം നടത്തുവാനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. അംഗീകാരം കിട്ടിയാലുടൻ പ്രവർത്തനമാരംഭിക്കുവാൻ കഴിയും. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |

| | |
|---|---|
| (സി) ഡിസ്ട്രിക്ട് ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജുകളാക്കണമെന്ന കേന്ദ്ര സർക്കാർ നിയമമനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം ഡിസ്ട്രിക്ട് ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകൾ ആക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു? | (സി) ഇടുക്കി, മഞ്ചേരി, കോന്നി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ജില്ലാ/ജനറൽ ആശുപത്രികളെയാണ് മെഡിക്കൽ കോളേജുമായി ബന്ധിപ്പിക്കുന്നതിന് തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ